പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1706 | 16-10-2026-ൽ മറുപടിയ്ക്ക്

<u>പിലാത്തറ-പാപ്പിനിശ്ശേരി റോഡിലെ വാഹനാപകടങ്ങൾ</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> | <u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. എം. വിജിൻ | ശ്രീ. സി. പി. ജോൺ (ഗതാഗത വകുപ്പ് മന്ത്രി)

**(എ)** കല്ല്യാശ്ശേരി മണ്ഡലത്തിലെ പ്രധാന റോഡായ പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡിൽ സംഭവിക്കുന്ന അപകടങ്ങളുടെ കാരണങ്ങൾ സംബന്ധിച്ച് മോട്ടോർ വാഹന വകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോ;

<u>മറുപടി:</u> പിലാത്തറ മുതൽ പാപ്പിനിശ്ശേരി വരെയുള്ള KSTP റോഡിലെ (SH-67) 20.9 കിലോമീറ്റർ ഭാഗത്ത് റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി കണ്ണൂർ ജില്ലാ കളക്ടറും ചെയർമാനും ഒരു നിർദ്ദേശം കേരള റോഡ് സേഫ്റ്റി അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. NATPAC-ന്റെ പഠന റിപ്പോർട്ട് പ്രകാരമുള്ള റോഡ് സുരക്ഷാ നടപടികളും ഗതാഗത സുരക്ഷാ ക്രമീകരണങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് .നിർദ്ദിഷ്ട റോഡ് സുരക്ഷാ നടപടികൾ നടപ്പിലാക്കുന്നതിലൂടെ റോഡ് സുരക്ഷ വർദ്ധിപ്പിക്കാനും, അതുവഴി അപകടങ്ങളും അവയുടെ തീവ്രതയും കുറയ്ക്കാനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

**(ബി)** മേല്പറഞ്ഞ റോഡിലെ വാഹനങ്ങളുടെ അമിതവേഗവും അശ്രദ്ധമായ ഡ്രൈവിങ്ങും നിയന്ത്രിക്കുന്നതിനും റോഡ് സുരക്ഷാ നിയമങ്ങളുടെ കർശനമായ പാലനം ഉറപ്പാക്കുന്നതിനും പ്രസ്തുത റോഡിൽ സംഭവിക്കുന്ന അപകടങ്ങൾ കുറയ്ക്കുന്നതിനുമായി വകുപ്പ് എന്തെല്ലാം പദ്ധതികളും പ്രവർത്തനങ്ങളുമാണ് നടപ്പിലാക്കിവരുന്നതെന്നും ആസൂത്രണം ചെയ്യുന്നതെന്നും വിശദമാക്കാമോ?

<u>മറുപടി:</u> പിലാത്തറ - പാപ്പിനിശ്ശേരി റോഡിലെ അപകടങ്ങൾ തടയുന്നതിനായി കണ്ണൂർ ജില്ലാ കളക്ടറും ജില്ലാ റോഡ് സുരക്ഷാകൗൺസിലും (DRSC) ചെയർമാനും, നാറ്റ്പാക് (NATPAC) പഠനത്തിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം, പിലാത്തറ മുതൽ പാപ്പിനിശ്ശേരി വരെയുള്ള 20.9 കിലോമീറ്റർ കെ.എസ്.ടി.പി റോഡിലെ (SH-67) റോഡ് സുരക്ഷാ പ്രവർത്തനങ്ങൾക്കായി 1,84,02,722/- രൂപ അടങ്കൽ തുകയുള്ള പദ്ധതിക്ക് കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ (KRSA) 37-ാമത് യോഗത്തിൽ (തീയതി: 23.01.2019) അംഗീകാരം നൽകുകയും ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയിലെ പ്രധാന ഘടകങ്ങൾ:

- 4 സ്ഥലങ്ങളിൽ ANPR (Automatic Number Plate Recognition) സിസ്റ്റം സ്ഥാപിക്കൽ.
- 1 സ്ഥലത്ത് റെഡ് ലൈറ്റ് വയലേഷൻ ഡിറ്റക്ഷൻ (RLVD) സിസ്റ്റം.
- 26 സ്ഥലങ്ങളിൽ പാൻ ടിൽറ്റ് സൂം (PTZ) സിസിടിവി ക്യാമറകൾ സ്ഥാപിക്കൽ.
- റോഡ് മാർക്കിംഗുകൾ, ക്രാഷ് ബാരിയറുകൾ, സ്പീഡ് ബ്രേക്കറുകൾ എന്നിവ ഒരുക്കൽ.

- നടപ്പാതകളും (Footpath) കാൽനടയാത്രക്കാരുടെ സുരക്ഷയ്ക്കുള്ള റെയിലുകളും നിർമ്മിക്കൽ.
- ജംഗ്ഷൻ വികസനവും (Junction Improvement) ബസ് ഷെൽട്ടറുകളുടെ നിർമ്മാണവും.

**സെക്ഷൻ ഓഫീസർ**